REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 07-09-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **മധ്യദൂര ബാലിസ്റ്റിക് മിസൈൽ അഗ്നി 4 ഒഡിഷയിലെ ചാന്ദിപ്പൂർ ടെസ്റ്റ് റേഞ്ചിൽ വിജയകരമായി പരീക്ഷിച്ചു.**
- **കളമശ്ശേരി കാർഷികോത്സവത്തിന്റെ രണ്ടാം പതിപ്പ് മന്ത്രി K.രാജൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.**
- **റവന്യൂ, സർവെ വിഷയങ്ങൾ അവലോകനം ചെയ്യാൻ കലക്ടർമാരുടെയും മുതിർന്ന റവന്യു ഉദ്യോഗസ്ഥരുടെയും യോഗം ഇന്ന് കൊച്ചിയിൽ തുടങ്ങും.**
- **സംസ്ഥാനത്തെ അഞ്ച് ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം.**
- **ഇന്ന് വിനായക ചതുർത്ഥി.**
- **സൂപ്പർ ലീഗ് കേരള ഫുട്ബോളിന് ഇന്നു തുടക്കമാകും.**

## വാർത്തകൾ വിശദമായി

മധ്യദൂര ബാലിസ്റ്റിക് മിസൈൽ അഗ്നി 4 ഒഡിഷയിലെ ചാന്ദിപ്പൂർ ടെസ്റ്റ് റേഞ്ചിൽ വിജയകരമായി പരീക്ഷിച്ചു. പ്രവർത്തന സാങ്കേതിക ലക്ഷ്യങ്ങൾ പൂർണ വിജയമായിരുന്നുവെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു. സ്റ്റാറ്റജിക് ഫോഴ്സ് കമാന്റിന്റെ നേതൃത്വത്തിലായിരുന്നു പരീക്ഷണം. ഇന്ത്യയുടെ രാജ്യരക്ഷാ ശേഷി ശക്തമാക്കുന്നതിൽ നിർണായക നാഴികകല്ലാണ് അഗ്നി 4 വിക്ഷേപണമെന്ന് വിലയിരുത്തുന്നു.

ഈ വർഷം ഏപ്രിലിൽ ആണവായുധ ശേഷിയോട് കൂടിയ പുതുതലമുറ അഗ്നി പ്രൈം ബാലിസ്റ്റിക് മിസൈൽ ഒഡിഷയിലെ അബ്ദുൾകലാം ദ്വീപിൽ വിജയകരിമായി പരീക്ഷിച്ചിരുന്നു.

✪✪✪

ഡ്രോണുകളെ ഫലപ്രദമായി നേരിടുന്ന നൂതന ഷെല്ലുകൾ നാവികസേന ആയുധ ശ്രേണിയിൽ ഉൾപ്പെടുത്തി. അഞ്ച് കിലോമീറ്റർ പരിധിയിൽ ഡ്രോണുകളെ തകർക്കാൻ കഴിയുന്ന ഷെല്ലുകൾ നാവികസേനയുടെ പ്രഹരശേഷി വർദ്ധിപ്പിക്കുമെന്ന് രാജ്യരക്ഷാ കേന്ദ്രങ്ങൾ അറിയിച്ചു.

പൂനെ ARDE വികസിപ്പിച്ച ഷെല്ലുകൾ നാവികസേനയുടെ AK630 തോക്കുകളിൽ ഉപയോഗിക്കാൻ കഴിയും.

✪✪✪

ഇന്ത്യയുടെ വിദേശനാണ്യ നിക്ഷേപ കരുതൽ ശേഖരം, രണ്ട് ബില്യൺ ഡോളർ കൂടി ഉയർന്ന് 683.9 ബില്യൺ ഡോളറിലെത്തിയതായി റിസർവ് ബാങ്ക് അറിയിച്ചു. കഴിഞ്ഞ മൂന്നാഴ്ചയ്ക്കിടെ കരുതൽ ധനം 13.9 ബില്യൺ വർദ്ധിച്ചു.

സ്വർണ്ണശേഖരം 862 ദശലക്ഷം ഡോളർ ഉയർന്ന് 61.86 ബില്യൺ ഡോളറിലെത്തി.

✪✪✪

കളമശ്ശേരി കാർഷികോത്സവത്തിന്റെ രണ്ടാം പതിപ്പ് മന്ത്രി K രാജൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. കളമശ്ശേരി ചാക്കോളാസ് പവലിയനിൽ രണ്ട് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 132 സ്റ്റോളുകളിലാണ് കാർഷികോത്സവം ഒരുക്കിയിരിക്കുന്നത്.

ഈ മാസം 13 വരെ നീളുന്ന മേളയിൽ കാർഷിക ഉത്പന്നങ്ങളുടെയും, കൃഷി അനുബന്ധ ഉപകരണങ്ങളുടെയും പ്രദർശനവും വിൽപ്പനയും ഒരുക്കിയിട്ടുണ്ട്. കാർഷികോത്സവ നഗരിയിൽ ഒരുക്കുന്ന ലേലത്തറയിൽ വിൽക്കുന്ന ഉൽപന്നങ്ങളുടെ ലാഭം വയനാട് ദുരിതാശ്വാസത്തിന് കൈമാറുമെന്ന് സംഘാടകർ അറിയിച്ചു.

✪✪✪

റവന്യൂ, സർവെ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യാൻ ജില്ലാ കലക്ടർമാരുടെയും മുതിർന്ന റവന്യൂ ഉദ്യോഗസ്ഥരുടെയും രണ്ടുദിവസത്തെ യോഗം ഇന്ന് കൊച്ചിയിൽ ആരംഭിക്കും. മന്ത്രി K രാജൻ യോഗം ഉദ്ഘാടനം ചെയ്യും. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മിഷണർ, സർവെ ഡയറക്ടർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

കോഴിക്കോട് NIT യുടെ 20-ാം ബിരുദദാന ചടങ്ങിൽ വൈകിട്ട് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയായി പങ്കെടുക്കും. ബിരുദദാന പ്രഭാഷണവും അദ്ദേഹം നടത്തും. 1,978 പേർക്കാണ് ചടങ്ങിൽ ബിരുദം സമ്മാനിക്കുന്നത്.

✪✪✪

കോഴിക്കോട്ടെ തദ്ദേശ അദാലത്തിൽ ഓൺലൈൻ വഴി നേരത്തേ ലഭിച്ച 690 പരാതികളിൽ 671 എണ്ണത്തിലും അനുകൂല തീർപ്പുണ്ടാക്കാനായതായി മന്ത്രി M.B രാജേഷ് പറഞ്ഞു.19 പരാതികൾ മാത്രമാണ് നിരസിച്ചത്. അദാലത്തിൽ നേരിട്ട് ലഭിച്ച 233 പരാതികളിൽ തുടർ പരിശോധന നടത്തി രണ്ടാഴ്ചയ്ക്കകം തീർപ്പുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിച്ച ഏഴു മികവിന്റെ കേന്ദ്രങ്ങളിൽ ഒന്ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ആരംഭിക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി ആന്റ് ഇന്നോവേഷൻ കേന്ദ്രമായിരിക്കും കുസാറ്റിൽ ആരംഭിക്കുന്നത്. സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസസിൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റിയിൽ MSc മറൈൻ ജീനോമിക്സ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്തെ അഞ്ച് ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇവയിൽ നാലെണ്ണത്തിന് പുനർ അംഗീകാരവും ഒന്നിന് പുതിയ അംഗീകാരവുമാണ്. കൊല്ലം ശക്തികുളങ്ങര കുടുംബാരോഗ്യകേന്ദ്രമാണ് പട്ടികയിൽ പുതുതായി ഉൾപ്പെട്ടത്. ഇതോടെ സംസ്ഥാനത്തെ 177 ആശുപത്രികൾക്ക് NQAS അംഗീകാരവും 81 ആശുപത്രികൾക്ക് പുനർഅംഗീകാരവും ലഭിച്ചു.

✪✪✪

ഇന്ന് വിനായക ചതുർത്ഥി. ചിങ്ങമാസത്തിലെ വെളുത്തപക്ഷത്തിൽ ചതുർത്ഥി ദിനമാണ് ഗണപതിയുടെ ജനനം അടയാളപ്പെടുത്തുന്ന വിനായക ചതുർത്ഥി ആഘോഷിക്കുന്നത്.

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗദീപ് ധൻഖറും ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു. സമാധാനപൂർണവും സമൃദ്ധവുമായ ഇന്ത്യയെ കൂട്ടായി കെട്ടിപടുക്കാൻ ഈ അവസരത്തിൽ പ്രതിജ്ഞയെടുക്കാൻ രാഷ്ട്രപതി ജനങ്ങളോട് അഭ്യർത്ഥിച്ചു.

വെല്ലുവിളികളെ ധൈര്യത്തോടെയും ദൃഢനിശ്ചയത്തോടെയും സഹിഷ്ണുതയോടെയും തരണം ചെയ്യാൻ ഗണേശൻ നമ്മെ പ്രചോദിപ്പിക്കുമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

പാരിസ് പാരാലിമ്പിക്സിൽ ഇന്ത്യക്ക് വീണ്ടും സ്വർണം. പുരുഷന്മാരുടെ ഹൈജമ്പിൽ പ്രവീൺ കുമാറാണ് സ്വർണം സ്വന്തമാക്കിയത്. പുരുഷന്മാരുടെ ഷോട്ട് പുട്ടിൽ HH സെമ വെങ്കലം നേടി. ആറു സ്വർണവും ഒമ്പതു വെള്ളിയും 12 വെങ്കലവുമടക്കം 27 മെഡലുകളാണ് ഇന്ത്യയുടെ നേട്ടം.

✪✪✪

പാരാലിംപിക്സിൽ മെഡൽ ജേതാക്കളായ ഹർവീന്ദർ സിങ്, കപിൽ പാർമർ, പ്രണവ് സൂർമ, സച്ചിൻ സർജെറാവു ഖിലാരി, ധരംബീർ എന്നിവരെ പ്രധാനമന്ത്രി നരേന്ദ്രമോദി ഫോണിൽ വിളിച്ച് അഭിനന്ദിച്ചു. മെഡൽ നേടുന്ന താരങ്ങൾ രാജ്യത്തിന്റെ ഏറ്റവും വലിയ സമ്മാനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. കായിക താരങ്ങളുടെ മികച്ച പ്രകടനത്തിന് പിന്നിൽ പ്രവർത്തിച്ച പരിശീലകരുടെ ശ്രമങ്ങളെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

✪✪✪

കേരളത്തിലെ ആദ്യ പ്രൊഫഷണൽ ഫുട്ബോൾ ലീഗ് മത്സരം, സൂപ്പർ ലീഗ് കേരളക്ക് ഇന്നു തുടക്കമാകും. ആദ്യ മത്സരത്തിൽ മലപ്പുറം FC-യും ഫോഴ്സ കൊച്ചി FC-യും ഏറ്റുമുട്ടും. രാത്രി എട്ടിന് കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. സംസ്ഥാനത്തെ ആറു നഗരങ്ങളിലെ ആറു ടീമുകൾ ഏറ്റുമുട്ടുന്ന മത്സരത്തിന്റെ ഫൈനൽ ,നവംബർ പത്തിന് കൊച്ചിയിലാണ്.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ ഏരീസ് കൊല്ലം സെയിലേഴ്സിനും അദാനി ട്രിവാൻഡ്രം റോയൽസിനും വിജയം. ആലപ്പി റിപ്പിൾസിനെ എട്ട് വിക്കറ്റിനാണ് ഏരീസ് കൊല്ലം തോൽപ്പിച്ചത്. കാലിക്കറ്റ് ഗ്ലോബ് സ്റ്റാറിനെ അഞ്ച് വിക്കറ്റിന് അദാനി തോൽപിച്ചു.

✪✪✪

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണ - സാങ്കേതിക അനുമതികൾ നൽകാൻ ജില്ലാതലത്തിൽ സംവിധാനം ഒരുക്കുമെന്ന് മന്ത്രി O.R കേളു പറഞ്ഞു. ഒരു കോടി രൂപ വരെ പ്രോജക്ടുകൾക്ക് ജില്ലാ കലക്ടർക്ക് അനുമതി നൽകാൻ നിർദ്ദേശം സജീവ പരിഗണനയിലുണ്ട്.

സാങ്കേതിക അനുമതിക്ക് തദ്ദേശഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ അടങ്ങുന്ന വിദഗ്ധസമിതിയെ ചുമതലപ്പെടുത്താനും നിർദ്ദേശം പരിഗണനയിലുണ്ടെന്ന് മന്ത്രി കാസർകോട് ജില്ലാതല അവലോകന യോഗത്തിൽ പറഞ്ഞു.

പട്ടികജാതി 'പട്ടികവർഗ്ഗ' പിന്നാക്ക മേഖലയിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രി യോഗത്തിനു ശേഷം മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

സ്കോൾ കേരള പഠിതാക്കൾക്ക് കേരള നോളെജ് ഇക്കോണമി മിഷന്റെ സഹകരണത്തോടെ ആരംഭിക്കുന്ന പ്രത്യേക തൊഴിൽ പദ്ധതി രാവിലെ തിരുവനന്തപുരം പട്ടത്ത് മന്ത്രി V. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

പട്ടം ഗവൺമെന്റ് ഗേൾസ് ഹെയർസെക്കൻഡറിയിലെ പരിപാടിയിൽ V.K പ്രശാന്ത് MLA അധ്യക്ഷനായാരിക്കും.

✪✪✪

രാജ്യത്ത് വിലക്കയറ്റം ഏറ്റവും കുറവ് കേരളത്തിലാണെന്നും സംസ്ഥാന ഗവൺമന്റിന്റെ വിപണി ഇടപെടലിലൂടെയാണ് ഇത് സാധ്യമായതെന്നും മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് സ്റ്റേഡിയം കോംപൗണ്ടിൽ ആരംഭിച്ച സപ്ലൈകോ ഓണം ഫെയർ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വിലക്കയറ്റം പിടിച്ചുനിർത്താൻ 13 ഇനം സബ്സിഡി സാധനങ്ങളുടെ ലഭ്യത ഓണം ഫെയറുകളിൽ ഉറപ്പാക്കുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി പറഞ്ഞു.

പാലക്കാട്ട് സപ്ലൈകോ ഓണം ഫെയർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കർഷകരിൽ നിന്ന് നേരിട്ട് ശേഖരിക്കുന്ന ഉത്പന്നങ്ങൾ ഓണം ഫെയറിൽ വിൽക്കാൻ സജ്ജീകരണം ഒരുക്കുമെന്നും K കൃഷ്ൺകുട്ടി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

ADGP M.R അജിത്കുമാറിനും എസ്.പി S. സുജിത് ദാസിനുമെതിരെ ആരോപണമുന്നയിച്ച PV അൻവർ MLA യിൽ നിന്ന് തൃശൂർ DIG തോംസൺ ജോസ് ഇന്ന് മൊഴിയെടുക്കും. അൻവർ മുഖ്യമന്ത്രിക്കു നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് മലപ്പുറത്തെത്തി മൊഴിയെടുക്കുന്നത്.

✪✪✪

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് തിരുവനന്തപുരത്തും കൊച്ചിയിലുമായി ഡിസംബർ 16 മുതൽ 20 വരെ നടത്തും. ആദ്യ മൂന്ന് ദിവസങ്ങൾ തിരുവനന്തപുരത്തും 19, 20 തീയതികളിൽ കൊച്ചി കുസാറ്റിലുമാണ് കോൺക്ലേവ്. മന്ത്രി ഡോ. R ബിന്ദുവിന്റെ അധ്യക്ഷതയിൽ കുസാറ്റിൽ ചേർന്ന കോൺക്ലേവ് ഏകോപന സമിതി യോഗത്തിലാണ് തീരുമാനം.

✪✪✪

ഓണക്കാലത്ത് കാസർകോട് ജില്ലയിലെത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ ക്ഷീരവികസന വകുപ്പ് നടപടി ആരംഭിച്ചു. ഈ മാസം 10 മുതൽ 14 വരെ ക്ഷീരവികസന വകുപ്പ് പാൽ പരിശോധന കേന്ദ്രത്തിൽ പാൽ പരിശോധന നടത്തും. ഉത്പാദകർക്കും ഉപഭോക്താക്കൾക്കും പരിശോധന സംവിധാനം പ്രയോജനപ്പെടുത്താം.

✪✪✪

കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ വടകര ടൗൺ ഹാളിൽ സംഘടിപ്പിച്ച അഞ്ച് ദിവസത്തെ ബോധവൽക്കരണ - പ്രദർശന പരിപാടികൾ സമാപിച്ചു.

പോഷക മാസാചരണത്തിന്റെ ഭാഗമായി അങ്കണവാടി പ്രവർത്തകർക്കായി പോഷകാഹാര പാചക മത്സരവും നടത്തിയിരുന്നു.

✪✪✪

ഓണവിപണി ലക്ഷ്യമിട്ട് കണ്ണൂർ ആറളം ഫാമിലെ അഞ്ച് ഹെക്ടറിൽ കൃഷി ചെയ്ത ചെണ്ടുമല്ലിയുടെ വിളവെടുപ്പ് ആരംഭിച്ചു. കാട്ടാനകൾ താവളമാക്കിയ കശുമാവിൻ തോട്ടം ചെണ്ടുമല്ലിക്കായി ഒരുക്കിയെടുക്കുകയായിരുന്നു. ആറളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് K.P രാജേഷ് വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു.

✪✪✪